www.gospelinmalayalam.com

# CHAPTER - 1

1. **Encouragement For Living The Christian Life (Phili 1:1-30)**

**Phili1: 1- 30** *"ക്രിസ്തുയേശുവിന്റെ ദാസന്മാരായ പൌലൊസും തിമൊഥെയോസും ഫിലിപ്പിയിൽ ക്രിസ്തുയേശുവിലുള്ള സകല വിശുദ്ധന്മാർക്കും അദ്ധ്യക്ഷന്മാർക്കും ശുശ്രൂഷക ന്മാർക്കും കൂടെ എഴുതുന്നതു:..................".*

A. **Paul's praise of the saints of Philippi. (Phili 1:1-8)**

1. **Introductions**

**Phili 1: 1- 2** *"ക്രിസ്തുയേശുവിന്റെ ദാസന്മാരായ പൌലൊസും തിമൊഥെയോസും ഫിലിപ്പിയിൽ ക്രിസ്തുയേശുവിലുള്ള സകല വിശുദ്ധന്മാർക്കും അദ്ധ്യക്ഷന്മാർക്കും ശുശ്രൂഷക ന്മാർക്കും കൂടെ എഴുതുന്നതു:................".*

Paul - Gentile Name (Greek)

Saul - Jewish Name (Hebrew)

ജാതികളുടെ അപ്പൊസ്തലൻ എന്ന നിലയിൽ, തന്റെ Gentile name ആണ് ഉപയോഗി ക്കാൻ ഇഷ്ടപ്പെട്ടത്. ഇവിടെ Apostle എന്നതിനു പകരം ക്രിസ്തുയേശുവിന്റെ ദാസ ന്മാരായ പൗലോസും തിമോത്തിയും.

Timothy ഈ സമയം പൗലൂസിനോടു കൂടെ ശുശ്രൂഷചെയ്യുവാനായി ഉണ്ട്.

**Phili 2: 19- 24** *"എന്നാൽ നിങ്ങളുടെ വസ്തുത അറിഞ്ഞിട്ടു എനിക്കും മനം തണുക്കേണ്ടതിനു തിമൊഥെയോസിനെ വേഗത്തിൽ അങ്ങോട്ടു അയക്കാം എന്നു കർത്താവായ യേശു വിൽ ഞാൻ ആശിക്കുന്നു................".*

ക്രിസ്തു യേശുവിലുള്ള - They were in Christ.

Saints - വിശുദ്ധർ - Set apart for God - ദൈവത്തിനായി തിരഞ്ഞെടുക്കപ്പെട്ടവർ.

Overseers - അദ്ധ്യക്ഷന്മാർ
Elders, Bishops (Titus 1: 5-7)
Sheperding or Pastoring the flock.
Acts 20: 17- 28

Deacons - ശുശ്രൂഷകന്മാർ.
special service responsibilities (Acts 6: )

**Titus 1: 5-7** *ഞാൻ ക്രേത്തയിൽ നിന്നെ വിട്ടേച്ചുപോന്നതു: ശേഷിച്ച കാര്യങ്ങളെ ക്രമത്തിലാക്കേണ്ടതിന്നും ഞാൻ നിന്നോടു ആജ്ഞാപിച്ചതു പോലെ പട്ടണംതോറും മൂപ്പന്മാരെ ആക്കി വെക്കേണ്ടതിന്നും തന്നേ. മൂപ്പൻ കുറ്റമില്ലാത്തവനും ഏകഭാര്യയുള്ളവനും ദുർന്നടപ്പിന്റെ ശ്രുതിയോ അനുസരണക്കേടോ ഇല്ലാത്ത വിശ്വാസികളായ മക്കളുള്ളവനും ആയിരിക്കേണം. അദ്ധ്യക്ഷൻ ദൈവത്തിന്റെ ഗൃഹവിചാരകനാകയാൽ അനിന്ദ്യനായിരിക്കേണം; തന്നിഷ്ടക്കാരനും കോപിയും മദ്യപ്രിയനും തല്ലുകാരനും ദുർല്ലാഭമോഹിയും അരുതു.*

**Acts 20: 17- 28** *മിലേത്തൊസിൽ നിന്നു അവൻ എഫെസൊസിലേക്കു ആളയച്ചു സഭയിലെ മൂപ്പന്മാരെ വരുത്തി. അവർ അവന്റെ അടുക്കൽ വന്നപ്പോൾ അവൻ അവരോടു പറഞ്ഞതു:......... ........................................ നിങ്ങളെത്തന്നേയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻ കൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ.*

**Phili 1: 2** കൃപയും സമാധാനവും Grace & Peace : ദൈവകൃപ അനുഭവമാക്കാതെ സമാ ധാനം ഉണ്ടാകയില്ല. ദൈവകൃപ അതിന്റെ climax ൽ പ്രദർശിക്കപ്പെട്ടു കാൽവറിയിൽ. The unmerrited favour manifested at calvery. കൃപയുടെ ഏറ്റവും വലിയ പ്രദർശനം ക്രൂശുങ്കൽ അത്രെ. ഈ സൗജന്യമായി നൽകപ്പെട്ട ദൈവകൃപ നമ്മുടെ ജീവിതത്തിൽ realize ചെയ്യാതെ "സമാധാനം" അനുഭവിക്കാൻ സാധിക്കയില്ല. Grace & Peace goes together. അതിന്റെ source പിതാവായ ദൈവവും പുത്രനായ ക്രിസ്തുവും തന്നെ.

fleettech@gmail.com

www.gospelinmalayalam.com

## 2. PRAISE FOR THEIR CONSTANT WITNESS

**Phili 1: 3- 6**

*“ഞാൻ നിങ്ങൾക്കു എല്ലാവർക്കും വേണ്ടി കഴിക്കുന്ന സകലപ്രാർത്ഥനയിലും എപ്പോഴും സന്തോഷത്തോടെ പ്രാർത്ഥിച്ചും നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികയ്ക്കും എന്നു ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു. ഒന്നാം നാൾ മുതൽ ഇതുവരെയും സുവിശേഷഘോഷണത്തിൽ നിങ്ങൾക്കുള്ള കൂട്ടായ്മ നിമിത്തം ഞാൻ നിങ്ങളെ ഓർക്കുമ്പോൾ ഒക്കെയും എന്റെ ദൈവത്തിനു സ്തോത്രം ചെയ്യുന്നു”.*

ഫിലിപ്പ്യയിലെ വിശ്വാസികളെ ഓർത്ത് സന്തോഷത്തോടെ പ്രാർത്ഥിക്കുന്ന പൗലൂസ്. ഏകദേശം 800 മൈൽ അകലെ ജയിലിൽ കഴിയുന്നു. വിധിയും കാത്തു -10 വർഷം മുൻപ് ഫിലിപ്പ്യപട്ടണത്തിൽ സുവിശേഷ ഘോഷണത്തിൽ താൻ ജനിപ്പിച്ച ദൈവമക്കളെ ഓർത്തു പ്രാർത്ഥിക്കുന്നു- സന്തോഷിക്കുന്നു.

Hardships - either makes you better or bitter.

കഷ്ടത-ഒന്നുകിൽ നമ്മെ നന്നാക്കും അല്ലെങ്കിൽ കൂടുതൽ കൈപ്പുള്ളവർ ആക്കും.

പൗലൂസിനെ, ബന്ധനം കൂടുതൽ കൂടുതൽ സന്തോഷിക്കുന്നവനാക്കിത്തീർക്കുന്നു.

ഫിലിപ്പ്യയിൽ വിശ്വാസികളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ - ദൈവത്തിന്റെ പരിശുദ്ധാത്മാവ് - യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികയ്ക്കും എന്ന് ഉറപ്പായി

വിശ്വസിക്കുന്നു-നല്ലപ്രവൃത്തി - SALVATION.

യേശുക്രിസ്തുവിന്റെ നാൾ. The Day of The Lord - The Day of RAPTURE.

ഓരോ ദൈവമക്കളെക്കുറിച്ചും ദൈവഹിതം ഇതുതന്നെ.

എന്നിൽ നല്ലപ്രവൃത്തി ആരംഭിച്ചിട്ടുണ്ടെങ്കിൽ -അതിനെ യേശുക്രിസ്തുവിന്റെ നാളോളം തികയ്ക്കുവാൻ ദൈവത്തിന് കഴിയും. അതിനു പരിശുദ്ധാത്മാവിന്റെ നിരന്തരം സഹായം ഉണ്ടായിരിക്കും.

**Phili 1: 7**

## PRISE FOR THEIR CONCERN FOR THE GOSPEL

*“കൃപയിൽ എനിക്കു കൂട്ടാളികളായ നിങ്ങളെ ഒക്കെയും എന്റെ ബന്ധനങ്ങളിലും സുവിശേഷത്തിന്റെ പ്രതിവാദത്തിലും സ്ഥിരീകരണത്തിലും ഞാൻ എന്റെ ഹൃദയത്തിൽ വഹിച്ചിരിക്കകൊണ്ടു അങ്ങനെ നിങ്ങളെ എല്ലാവരെയും കുറിച്ചു വിചാരിക്കുന്നതു എനിക്കു ന്യായമല്ലോ”.*

I have you in my heart - Greek ൽ ഇങ്ങനെ പറയാം.

You have me in your heart. അതാണ് അതിന്റെ അർത്ഥം.

ചുരുക്കത്തിൽ പൗലൂസും ഫിലിപ്പ്യസഭയിലെ ദൈവമക്കളും പരസ്പരം ഹൃദയങ്ങളിൽ വഹിക്കപ്പെടുന്നു.

Paul is in chains But this does not matter.

Both Philippians and Paul share God’s grace in spreading the Gospel of Christ.

**Phili 1: 8**

*“ക്രിസ്തുയേശുവിന്റെ ആർദ്രതയോടെ ഞാൻ നിങ്ങളെ എല്ലാവരെയും കാണ്മാൻ എത്ര വാഞ്ചിക്കുന്നു എന്നതിനു ദൈവം സാക്ഷി”.*

ഫിലിപ്പ്യവിശ്വാസികളോടുള്ള ഹൃദയത്തിലെ ചിന്തകൾക്ക്"

വാസ്തവത്തിൽ ഫിലിപ്പ്യ സഭയെ ഓർത്ത് പൗലൂസിന്റെ ഹൃദയം സന്തോഷിക്കയാണ്.

അവരോടുള്ള അളവറ്റ പ്രശംസ ഈ വാക്കുകളിൽ കാണാം.

## B. PAUL’S PRAYER FOR THE SAINTS 1:9-11

**Phili 1: 9- 11**

*“നിങ്ങളുടെ സ്നേഹം മേൽക്കുമേൽ പരിജ്ഞാനത്തിലും സകലവിവേകത്തിലും വർദ്ധിച്ചു വന്നിട്ടു നിങ്ങൾ ഭേദാഭേദങ്ങളെ വിവേചിപ്പാറാകേണം എന്നും ക്രിസ്തു*

fleettech@gmail.com

www.gospelinmalayalam.com

*വിന്റെ നാളിലേക്കു നിർമ്മലന്മാരും ഇടർച്ചയില്ലാത്തവരും ദൈവത്തിന്റെ മഹത്വത്തിനും പുകഴ്ചക്കുമായിട്ടു യേശുക്രിസ്തുവിനാൽ നീതിഫലം നിറഞ്ഞവരുമായി തീരേണം എന്നും ഞാൻ പ്രാർത്ഥിക്കുന്നു".*

പൗലൂസ് ഫിലിപ്പ്യസഭയെ ഓർത്ത് നിരന്തരം പ്രാർത്ഥിക്കുന്നു. എന്തിനെല്ലാം വേണ്ടി? ഫിലിപ്പ്യസഭയിലെ വിശ്വാസികൾ മറ്റുള്ള വിശ്വാസികളോടുള്ള സ്നേഹത്തിൽ വർദ്ധിച്ചു വരണം. ഒരു cup overflow ചെയ്യുംപോലെ, മേൽക്കുമേൽ വർദ്ധിച്ചു വരണം.

വെറും sentimental love അല്ല. വൈകാരിക സ്നേഹം അല്ല. വളരെ ആത്മാർത്ഥമായുള്ള ആത്മിക ജ്ഞാനവും, ആഴത്തിലുള്ള അറിവും, പ്രത്യേകിച്ച് ദൈവത്തിന്റെ വഴികളെക്കുറിച്ചുള്ള ഉൾക്കാഴ്ച. പരിജ്ഞാനം & വിവേകം.

ഈ അറിവുള്ളവൻ സഹവിശ്വാസികളെയും ദൈവത്തെയും ആഴമായി സ്നേഹിപ്പാൻ തയ്യാറാകും.

**Phili 1: 10** Discerning what is best. പരിജ്ഞാനവും വിവേകവും നല്ലതെന്തെന്നു തിരിച്ചറിയാനായി നമ്മെ ശക്തീകരിക്കും.

| | | |
|---|---|---|
| ദൈവവും നാമുമായുള്ള ബന്ധം | - | ഈ രണ്ടിലും നാൾക്കുനാൾ വർദ്ധന ഉണ്ടാകണം. |
| സഹവിശ്വാസികളും നാമുമായുള്ള ബന്ധം | - | മറ്റുള്ളവരുമായുള്ള ബന്ധം ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്രയും തന്നെ വർദ്ധന ഉണ്ടാകണം. |

ക്രിസ്തുവിന്റെ നാളിലേക്ക് - To the Day of the Lord - നിർമ്മലന്മാർ ആകണം. ഇടർച്ചയില്ലാത്തവർ ആകണം.

പലപ്പോഴും നമ്മുടെ സ്നേഹമില്ലായ്മ, ഉന്നതഭാവം ദൈവസഭയ്ക്കു ഇടർച്ചയുണ്ടാകുന്നു. ഒരു വിശ്വാസി മറ്റൊരു വിശ്വാസിയ്ക്കു ഇടർച്ച ഉണ്ടാക്കുന്നവൻ ആകരുത്.

എല്ലാറ്റിന്റെയും purpose ദൈവനാമത്തിന്റെ മഹത്വം. അവന്റെ പുകഴ്ച.

**Phili 1: 11** *"ദൈവത്തിന്റെ മഹത്വത്തിനും പുകഴ്ചയ്ക്കുമായിട്ടു യേശുക്രിസ്തുവിനാൽ നീതിഫലം നിറഞ്ഞവരുമായി തീരേണം എന്നും ഞാൻ പ്രാർത്ഥിക്കുന്നു".*

To be filled with fruit of righteousness. നാം നീതിഫലം നിറഞ്ഞവർ ആകണം.

The fruit of the spirit comes through Christ. ക്രിസ്തു നമ്മിൽ വസിച്ചാൽ മാത്രമെ പരിശുദ്ധാത്മാവിൻ ഫലം നമ്മിൽ നിന്നും പുറപ്പെടുകയുള്ളൂ.

**Gala 5: 22- 23** *"ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൌമ്യത, ഇന്ദ്രിയജയം; ഈ വകക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല".*

അത്തരം ഫലങ്ങൾ നമ്മുടെ ജീവിതത്തിലുള്ള ദൈവസാന്നിധ്യത്തെ വിളിച്ചറിയിക്കുന്നു. അതു ദൈവനാമത്തിന്റെ മഹത്വത്തിനു മുഖാന്തിരമായിത്തീരുന്നു.

## C. PAUL'S PRESENTATION OF HIMSELF TO THE SAINTS 1:12-30

ബന്ധനം പൗലൂസിന്റെ ദൈവീക വിളിക്കു തടസ്സം ആയില്ല. മാത്രമല്ല, തന്റെ ബന്ധനം സുവിശേഷത്തിന്റെ വ്യാപ്തിയെത്തന്നെ സഹായിച്ചു. തന്നെപ്പറ്റി ഓർത്തു ദു:ഖിക്കുന്ന ഫിലിപ്പ്യ വിശ്വാസികളെ ധൈര്യപ്പെടുത്തുന്ന വചനമത്രെ St. Paul നു കൊടുക്കാനുള്ളത്.

### STALWART TESTIMONY 1:12-18

**Phili 1: 12- 14** *സഹോദരന്മാരേ, എനിക്കു ഭവിച്ചതു സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായിത്തീർന്നു എന്നു നിങ്ങൾ അറിവാൻ ഞാൻ ഇച്ഛിക്കുന്നു. എന്റെ ബന്ധനങ്ങൾ ക്രിസ്തുനിമിത്തമാകുന്നു എന്നു അകമ്പടിപട്ടാളത്തിൽ ഒക്കെയും ശേഷം എല്ലാവർക്കും തെളിവായിവരികയും. സഹോദരന്മാർ മിക്കപേരും എന്റെ*

fleettech@gmail.com

www.gospelinmalayalam.com

*ബന്ധനങ്ങളാൽ കർത്താവിൽ ധൈര്യം പൂണ്ടു ദൈവത്തിന്റെ വചനം ഭയംകൂടാതെ പ്രസ്താവിപ്പാൻ അധികം തുനിയുകയും ചെയ്തിരിക്കുന്നു.*

റോമൻ പട്ടാളത്തിലുള്ളവർ വചനം കേൾക്കാൻ ഇടയായി. There is no accident with God. പൗലൂസിന്റെ ബന്ധനം സുവിശേഷത്തിന്റെ തളർച്ചയ്ക്കല്ല. അതിന്റെ വളർച്ചയ്ക്കും വ്യാപ്തിക്കും ഇടയാക്കി. Palace guard [Practorian guard] Roman soldiers ആണ് Paul നെ കാവൽ ചെയ്തിരുന്നത്.

**Acts 28: 29- 30** *"അവർ കൂലിക്കു വാങ്ങിയ വീട്ടിൽ രണ്ടു സംവത്സരം മുഴുവൻ പാർത്തു, തന്റെ അടുക്കൽ വരുന്നവരെ ഒക്കെയും കൈക്കൊണ്ടു പൂർണ്ണപ്രാഗത്ഭ്യത്തോടെ വിഘ്നംകൂടാതെ ദൈവരാജ്യം പ്രസംഗിച്ചും കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചു ഉപദേശിച്ചും പോന്നു".*

Paul lived in rented house - house arrest. He was free to proclaim the gospel. People could visit him. But hands were chained to a soldier.

**2.** പൗലൂസിന്റെ ബന്ധനം അനേകരെ ധൈര്യമായി സുവിശേഷത്തിനു വേണ്ടി മുമ്പോട്ടു വരാൻ പ്രേരിപ്പിച്ചു. It encouraged many to come forward to proclain the gospel.

**Phili 1: 15 -18** *ചിലർ ക്രിസ്തുവിനെ അസൂയയും പിണക്കവും നിമിത്തം പ്രസംഗിക്കുന്നു; ചിലരോ നല്ല മനസ്സോടെ തന്നേ. അവർ സുവിശേഷത്തിന്റെ പ്രതിവാദത്തിന്നായിട്ടു ഞാൻ ഇവിടെ കിടക്കുന്നു എന്നു അറിഞ്ഞിട്ടു അതു സ്നേഹത്താൽ ചെയ്യുന്നു. മറ്റവരോ എന്റെ ബന്ധനങ്ങളിൽ എനിക്കു ക്ളേശം വരുത്തുവാൻ ഭാവിച്ചുകൊണ്ടു നിർമ്മലതയോടെയല്ല ശാഠ്യത്താൽ അത്രേ ക്രിസ്തുവിനെ പ്രസംഗിക്കുന്നതു. പിന്നെ എന്തു നാട്യമായിട്ടോ പരമാർത്ഥമായിട്ടോ ഏതുവിധമായാലും ക്രിസ്തുവിനെ അല്ലോ പ്രസംഗിക്കുന്നതു. ഇതിൽ ഞാൻ സന്തോഷിക്കുന്നു; ഇനിയും സന്തോഷിക്കും.*

രണ്ടു തരത്തിലുള്ള പ്രസംഗങ്ങൾ:

**1.** പൗലൂസിനോടുള്ള സ്നേഹവും ആദരവും ബഹുമാനവും കാരണം ക്രിസ്തുവിനെ പ്രസംഗിക്കുന്നു. പൗലൂസ് ബന്ധനത്തിലായതിനാൽ ആ കുറവു നാം നികത്തണം എന്ന ആത്മാർത്ഥമായ ചിന്ത അവരെ ഭരിച്ചു.

**2.** അസൂയയും പിണക്കവും നിമിത്തം പ്രസംഗിക്കുന്നവർ:-

ഇവർ പൗലൂസിനെ ഹൃദയപൂർവ്വം സ്നേഹിക്കുന്നവർ അല്ല. പൗലൂസിനു തലവേദന സൃഷ്ടിക്കാൻ ആഗ്രഹിച്ചവർ. selfishness ആകാം കാരണം. അസൂയയും ഒരു വഴിക്ക്.

വ്യക്തിപരമായി പൗലൂസിന്റെ വേലയെ പ്രശംസിക്കാത്തവർ. Doctrinally അവർ sound. ഏതു രീതിയിലായാലും പൗലൂസിനു സന്തോഷം തന്നെ. കാരണം സുവിശേഷം ആണല്ലോ പ്രസംഗിക്കുന്നത്.

**2.** <u>**SETTLED CONVICTIONS 1:19-26**</u>

**Phili 1: 19** *"നിങ്ങളുടെ പ്രാർത്ഥനയാലും യേശുക്രിസ്തുവിന്റെ ആത്മാവിന്റെ സഹായത്താലും അതു എനിക്കു രക്ഷാകാരണമായിത്തീരും എന്നും ഞാൻ അറിയുന്നു".*

രക്ഷ - The faculty of Salvation. Also deliverance from present imprisonment.

**Rom 5: 9** *"അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ട ശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നു രക്ഷിക്കപ്പെടും".*

Prayer of saints. Help given by spirit of Jesus Christ - Holy spirit's Ministry.

**Rom 8: 26- 27** *"അവ്വണ്ണം തന്നേ ആത്മാവു നമ്മുടെ ബലഹീനതെക്കു തുണനില്ക്കുന്നു. വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നേ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു. എന്നാൽ ആത്മാവു വിശുദ്ധർക്കു വേണ്ടി ദൈവഹിതപ്രാകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ടു ആത്മാവിന്റെ ചിന്ത ഇന്നതെന്നു ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു".*

**Phili 1: 20** *അങ്ങനെ ഞാൻ ഒന്നിലും ലജ്ജിച്ചുപോകാതെ പൂർണ്ണധൈര്യം പൂണ്ടു ക്രിസ്തു എന്റെ*

fleettech@gmail.com

www.gospelinmalayalam.com

*ശരീരത്തിങ്കൽ ജീവനാൽ ആകട്ടെ മരണത്താൽ ആകട്ടെ എപ്പോഴും എന്നപോലെ ഇപ്പോഴും മഹിമപ്പെടുകേയുള്ളു എന്നു പ്രതീക്ഷിക്കയും പ്രത്യാശിക്കയും ചെയ്യുന്നു.*

Relase or Martyrdom - ഏതായാലും സകലത്തിലും ദൈവനാമം മഹിമപ്പെടണം.

Release would permit him to preach again.

Martydom would also advancce the cause of christ.

**Phili 1: 21** *"എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു".*

ക്രിസ്തു ജീവിതത്തിന്റെ "സകലവും"/Essence of life/ആയിരുന്നു പൗലൂസിന്. ജീവിക്കുന്നിടത്തോളം - സുവിശേഷത്തിനായി അദ്ധ്വാനിക്കും - Christ will be gloryfied. മരിക്കുന്നത് - profit. It will make him to be with the Lord.

**Phili 1: 22- 24** *എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലെക്കു ഫലം വരുമെങ്കിൽ ഏതു തിരഞ്ഞെടുക്കേണ്ടു എന്നു ഞാൻ അറിയുന്നില്ല. ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു; വിട്ടു പിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ടു; അതു അത്യുത്തമമല്ലോ. എന്നാൽ ഞാൻ ജഡത്തിൽ ഇരിക്കുന്നതു നിങ്ങൾ നിമിത്തം ഏറെ ആവശ്യം.*

(A)ജീവിക്കുന്നു എങ്കിൽ സുവിശേഷത്തിന്റെ വ്യാപ്തിക്കായി ഫലം ഉണ്ടാകും

(B)മരിക്കുന്നു എങ്കിൽ ??

ഇതിൽ ഏതെങ്കിലും ഒന്നു തെരെഞ്ഞെടുപ്പാൻ കഴിയുമായിരുന്നെങ്കിൽ Paul ഏതു തെരെഞ്ഞെടുക്കുമായിരുന്നു?

Personal Desire - To be with Christ. Depart & Be with Christ.

എല്ലാ persecution നും ഒരു അന്തം ആകുമായിരുന്നു.

എന്നാൽ ഫിലിപ്പ്യരെ സംബന്ധിച്ചിടത്തോളം ജീവിക്കുന്നത് ആവശ്യം. സ്വന്ത താൽപര്യത്തെക്കാൾ സ്നേഹിതരുടെ താൽപര്യത്തിന് Paul മുൻതൂക്കം കൊടുക്കുന്നു.

**Phili 1: 25- 26** *"ഇങ്ങനെ ഉറച്ചുകൊണ്ടു നിങ്ങളുടെ വിശ്വാസത്തിന്റെ അഭിവൃദ്ധിക്കും സന്തോഷത്തിനുമായി തന്നേ ഞാൻ ജീവനോടിരിക്കും എന്നും നിങ്ങളോടു എല്ലാവരോടുംകൂടെ ഇരിക്കും എന്നും അറിയുന്നു".*

പൗലൂസ് ജയിലിൽ നിന്നും വിമുക്തനാകും എന്നുള്ള വിശ്വാസം ഉണ്ടാകുന്നു. അതു സഭയുടെ വിശ്വാസത്തിന്റെ അഭിവൃത്തിക്കും, അവരുടെ സന്തോഷത്തിനും ഇടയാകും. Progress in faith & great joy.

പൗലൂസ് മടങ്ങി ചെല്ലുന്നത് ഫിലിപ്പ്യർക്കു അതീവ സന്തോഷത്തിനു കാരണമാവും.

## Solemn Exhortations 1: 27- 30

**Phili 1: 27** *"ഞാൻ നിങ്ങളെ വന്നു കണ്ടിട്ടോ ദൂരത്തിരുന്നു നിങ്ങളുടെ അവസ്ഥ കേട്ടിട്ടോ നിങ്ങൾ ഏകാത്മാവിൽ നിലനിന്നു എതിരാളികളാൽ ഒന്നിലും കുലുങ്ങിപോകാതെ ഏകമനസ്സോടെ സുവിശേഷത്തിന്റെ വിശ്വാസത്തിനായി പോരാട്ടം കഴിക്കുന്നു എന്നു ഗ്രഹിക്കേണ്ടതിനു ക്രിസ്തുവിന്റെ സുവിശേഷത്തിനു യോഗ്യമാംവണ്ണം മാത്രം നടപ്പിൻ".*

- **ഏകാത്മാവിൽ നിൽക്കുക** - stand firm in one spirit and contend as one man. ഐക്യമത്യം - ഒരുമനപ്പെടുക. ഒരു സഭയുടെ ആത്മിക പുരോഗതിക്ക് ഒത്തൊരുമ വളരെ ആവശ്യം തന്നെ.
- **Live as citizens** - Roman colony ആയ ഫിലിപ്പ്യ പട്ടണത്തിൽ റോമൻ പൗരന്മാർ എങ്ങനെ അവരുടെ status keep ചെയ്യുന്നു. അതുപോലെ ദൈവമക്കൾ തങ്ങളുടെ identity keep ചെയ്യണം.
- ക്രിസ്തുവിന്റെ സുവിശേഷത്തിനു യോഗ്യമാം വണ്ണം മാത്രം നടപ്പിൻ. Live worthy of

fleettech@gmail.com

www.gospelinmalayalam.com

the Gospel of Christ. അതാണ് Commen cause.

**Phili 1: 28** *ഇതു അവരുടെ നാശത്തിന്നും നിങ്ങളുടെ രക്ഷെക്കും ഒരു അടയാളമാകുന്നു;*

പീഡനത്തിന്റെ നടുവിൽ - ധൈര്യത്തോടെ നിൽക്കുക. Live courageously. പീഡനം തുടരും തീർച്ച. എന്നാൽ അതിനു മുമ്പിൽ നമ്മുടെ responseഎന്തായിരിക്കണം. Victorious Christian Response. ജയം നമുക്കുള്ളത്.

ദൈവമക്കൾക്കുള്ള അന്തിമ ജയം നമ്മെ ധൈര്യത്തോടെ നിൽക്കാൻ സഹായിക്കും. ദൈവം വിടുവിക്കും എന്നുള്ള ആഴത്തിലുള്ള ബോധം - ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തിൽ തരുന്നതു തന്നെ. Holy spirits working in the hearts.

**Phili 1: 29- 30** *"അതു ദൈവം തന്നേ വെച്ചതാകുന്നു. ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവന്നു വേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്കു വരം നൽകിയിരിക്കുന്നു. നിങ്ങൾ എങ്കൽ കണ്ടതും ഇപ്പോൾ എന്നെക്കുറിച്ചു കേൾക്കുന്നതുമായ അതേ പോരാട്ടം നിങ്ങൾക്കും ഉണ്ടല്ലോ".*

ക്രിസ്തീയ സഭയ്ക്കുള്ള എതിർപ്പ് opposition, persecution - യാദൃച്ഛികമായി വന്നതല്ല. അതു ദൈവം തന്നെ വച്ചതാകുന്നു. God's wisdom - അവന്റെ ജ്ഞാനത്തിൽ ദൈവം അപ്രകാരം വച്ചതാണ്. Persecution of earlier century made the Christian faith to grow. Persecution ലൂടെ ഏതു സഭ കടന്നു പോയോ അതു വളർന്നതായി നാം കാണുന്നു. Indian christian church - had no persecution. It did not grow. Roman Empire ൽ persecution ഉണ്ടായി, സഭ വളരാൻ കാരണമായി. Suffering of Christian church is not accidental. It is by god's design.

വിശ്വസിപ്പാൻ മാത്രമല്ല, കഷ്ടം അനുഭവിപ്പാനും വരം നൽകിയിരിക്കുന്നു. It is a credit to suffer for the Lord. It is a sign of God's favour.

പൗലൂസും അതേ struggle ലൂടെ കടന്നു പോകുന്നു. പൗലൂസിന്റെ കഷ്ടങ്ങൾ അവരെ വിശ്വാസത്തിൽ ധൈര്യപ്പെടുത്താനായി വി. പൗലൂസ് ഉപയോഗിക്കുന്നു.

fleettech@gmail.com